LIBRARY ARCHIVES Kerala Legislative Assembly

നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) കോഴ്സുകൾ

100 (T 8160) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എ. കെ. ബി. മിഷൻ ട്രസ്റ്റ് മേപ്പയൂർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനും, അവർ നടത്തുന്ന നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) എന്ന കോഴ്സിനും സർക്കാർ അംഗീകാരമുണ്ടോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത കോഴ്സിന് ഈ സ്ഥാപനത്തിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നതിന് എത്ര സീറ്റാണ് ഉള്ളതെന്നും ഇതിനായി എന്തുമുതലാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും എപ്രകാരമാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവേശന നടപടികൾ സുതാര്യമല്ലെന്ന ആക്ഷേപമുള്ള സാഹചര്യത്തിൽ നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) കോഴ്സുകൾ സർക്കാർ ഹോമിയോ കോളേജുകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എ.കെ.ബി മിഷൻ ട്രസ്റ്റ് മേപ്പയൂർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനും, അവർ നടത്തുന്ന നഴ്സ്-കം-ഫാർമസിസ്റ്റ് (ഹോമിയോ) എന്ന കോഴ്സിനും സർക്കാർ അംഗീകാരമുണ്ടായിരുന്നു.

(ബി&സി) ആകെ 60 സീറ്റുകൾ ഉള്ളതിൽ 30 സീറ്റുകൾ മാനേജ്മെന്റ് ക്വാട്ടയും, 30 സീറ്റുകൾ സർക്കാർ ക്വാട്ടയുമാണ്. 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി' സർക്കാർ കോളേജുകളിൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ ഡോ. എ. കെ. ബി. മിഷൻ ട്രസ്റ്റിലെ 2014-15 വർഷത്തെ NCP കോഴ്സിന്റെ പ്രവേശനം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

ആലപ്പുഴ പഞ്ചകർമ്മ ആശുപത്രി ഉദ്ഘാടനം

101 (8161) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ അടങ്കൽതുക എത്രയാണെന്നും ആരാണ് കരാറുകാരനെന്നും കരാർ പ്രകാരം എന്ന് കെട്ടിട നിർമ്മാണം പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ ;

(ബി) പണി പൂർത്തിയാക്കി കെട്ടിടത്തിന്റെ ഉദ്ഘാടനം എന്നു നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പഞ്ചകർമ്മ ആശുപത്രിയിൽ അനുവദനീയമായ തസ്തികകൾ എത്രയാണെന്നും നിലവിൽ ജോലി ചെയ്യുന്നവർ എത്രയാണെന്നും ഒഴിവുകൾ എത്രയുണ്ടെന്നും അറിയിക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ അടങ്കൽ തുക 4,65,84,288 രൂപയാണ്. കേന്ദ്ര ഗവണ്മെന്റ് എന്റർപ്രൈസസ് ആയ ഹിന്ദുസ്ഥാൻ പ്രീ. ഫാബിനെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. കരാർ പ്രകാരം 27-1-2015-ന് പണി പൂർത്തിയാകും.

(ബി) ആയുഷിൽനിന്ന് ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി & ഡി) പഞ്ചകർമ്മ ആശുപത്രിയിൽ 15 തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്. ആയതിൽ 10 പേർ സ്ഥിരമായും 5 പേർ താൽക്കാലിക അടിസ്ഥാനത്തിലും (ദിവസ വേതനാടിസ്ഥാനത്തിൽ) ജോലി ചെയ്യുവരുന്നു. ഒരു മെഡിക്കൽ ഓഫീസർ വർക്ക് അറേഞ്ച്മെന്റിലും ജോലി ചെയ്യുവരുന്നു. രണ്ട് ആയുർവ്വേദ തെറാപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റന്റന്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുക്ക് 1, സാനിട്ടേഷൻ വർക്കർ 1, എന്നീ ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ജനസൗഹാർദ്ദമാക്കുന്നതിന് പദ്ധതി

102 (8162) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ കൂടുതൽ ജനസൗഹാർദ്ദമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly